# കേരള നിയമസഭ
# 27.06.2012 -ലെ മറുപടിക്ക്

## സ്കൂള്‍ വിദ്യാഭ്യാസം പൂര്‍ത്തിയാക്കാത്തവര്‍ക്ക് തൊഴില്‍ ലഭ്യത

4064 ശ്രീ. വി. പി. സജീന്ദ്രന്‍
,, വര്‍ക്കല കഹാര്‍
,, സി. പി. മുഹമ്മദ്
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ വിദ്യാഭ്യാസം പൂര്‍ത്തിയാക്കാത്തവര്‍ക്ക് തൊഴില്‍ ലഭ്യത ഉറപ്പാക്കാനുള്ള പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി നടപ്പാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### സ്വകാര്യമേഖലയിൽ തൊഴിൽ സുരക്ഷിതത്വം

4065 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിൽ സുരക്ഷിതത്വത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മിനിമം വേതനം ഉറപ്പു വരുത്തുന്നതിന് പ്രായോഗികമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ:

(സി) സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം ബാങ്കു വഴി വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പ്രസവാവധിയുടെ കാലയളവ് സർക്കാർ ജീവനക്കാരുടേതിനു സമാനമായി (180 ദിവസമായി) ഉയർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**തൊഴിലാളിക്ഷേമ പുനരധിവാസ പദ്ധതികൾ**

**4066**

**ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്കായി നഗരങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകാൻ തൊഴിൽ വകുപ്പ് ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) തൊഴിലാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കശുവണ്ടി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ**

4067 **ശ്രീ. എം. എ. ബേബി**
**,, എളമരം കരീം**
**,, പി. കെ. ഗുരുദാസൻ**
**,, ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കശുവണ്ടിത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കശുവണ്ടിത്തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി സർക്കാർ തലത്തിൽ എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക്</u>
<u>ഇൻകം സപ്പോർട്ട് സ്കീം</u>

4068 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2010-11, 2011-12 വർഷങ്ങളിൽ പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2010-11, 2011-12 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര തൊഴിലാളികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യവസായമേഖല തിരിച്ച് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**വിശ്വകർമ്മ സമുദായംഗങ്ങളെ പരമ്പരാഗത തൊഴിലാളികളായി കണക്കാക്കാൻ നടപടി**

4069 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിശ്വകർമ്മ സമുദായ അംഗങ്ങളെ പരമ്പരാഗത തൊഴിലാളികളായി സർക്കാർ കണക്കാക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിനുവേണ്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഈ വിഭാഗത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**<u>കൈത്തറി മേഖലയിൽ ഇൻകം സപ്പോർട്ട് സ്കീം</u>**

**4070**

**ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കൈത്തറി മേഖലയിൽ കുറഞ്ഞ കൂലി ലഭിക്കുന്നവർക്ക് സർക്കാർ നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം ഇൻസന്റീവ് ആക്കി മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **ഇത് പരിഗണിക്കുന്ന കാര്യം സർക്കാർ ആലോചിക്കുമോ ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>കൈത്തറി തൊഴിലാളി പെൻഷൻ കുടിശ്ശിക</u>

**4071**

**ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരളത്തിൽ കൈത്തറി തൊഴിലാളി പെൻഷൻ ആനുകൂല്യം എത്ര പേർക്ക് ലഭിക്കുന്നുവെന്നു വ്യക്തമാക്കുമോ;**

(ബി) **എന്നു മുതലാണ് കൈത്തറി തൊഴിലാളി പെൻഷൻ നടപ്പിലാക്കിയത്; എത്ര മാസത്തെ പെൻഷൻ കുടിശ്ശികയായുണ്ട്; ഇത്രയും കുടിശ്ശിക വരാനുള്ള കാരണമെന്ത്;എന്ന് ഈ കുടിശ്ശിക കൊടുത്തുതീർക്കുമെന്ന് വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഖാദി തൊഴിലാളികള്‍ക്ക് മിനിമം കൂലി**

4072 **ശ്രീ. സി. കൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഖാദി തൊഴിലാളികള്‍ക്ക് സര്‍ക്കാര്‍ പ്രഖ്യാപിച്ച മിനിമം കൂലി കേരളത്തിലെ എല്ലാ ഖാദി സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നടപ്പിലാക്കാത്ത സ്ഥാപനങ്ങള്‍ ഏതൊക്കെയാണെന്നും മിനിമം കൂലി നടപ്പിലാക്കാതിരിക്കാനുളള കാരണം എന്താണെന്നും വിശദമാക്കാമോ;

(സി) ഖാദി മേഖലയിലെ മുഴുവന്‍ സ്ഥാപനങ്ങളിലും മിനിമം കൂലി നടപ്പിലാക്കാന്‍ നടപടികള്‍ സ്വീകരിക്കുമോ ?

## ബാലവേല തടയുവാൻ നടപടി

4073 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല വർദ്ധിച്ചുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ട് വർഷക്കാലം ബാലവേല നിരോധന നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുളള കേസുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) വർദ്ധിച്ചുവരുന്ന ബാലവേല തടയുന്നതിനും നിരുത്സാഹപ്പെടുത്തുന്നതിനും വകുപ്പുതലത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി ജനകീയ സമിതികൾ രൂപീകരിച്ചുകൊണ്ട് ബാലവേല തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്**

4074 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്രയാണ്;

(ബി) മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരെ മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേയ്ക്ക് താൽക്കാലിക ജീവനക്കാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) മാവേലിക്കര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആവശ്യത്തിനുള്ള ജീവനക്കാരില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### സ്വകാര്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

4075 ശ്രീ. ജി. സുധാകരൻ
,, എസ്. ശർമ്മ
,, കെ. വി. വിജയദാസ്
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാസ്ഥാപനങ്ങളിൽ ഔട്ട് സോഴ്സിംഗ് ഏർപ്പെടുത്തിയതോടെ ഈ മേഖലയിലേക്കുള്ള തൊഴിലന്വേഷകരെ ചില ഏജൻസികൾ വ്യാപകമായി ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) എൻ. ജി. ഒ.കളുടെ പേരിലും സ്വകാര്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പേരിലും തൊഴിൽ വാഗ്ദാനം ചെയ്തു പരസ്യങ്ങൾ നൽകി ഉദ്യോഗാർത്ഥികളിൽ നിന്നും പണം കൈക്കലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സംസ്ഥാനത്ത് വ്യാപകമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങൾക്ക് നിയമവിധേയമായി പ്രവർത്തിക്കാനുള്ള അനുമതിയുണ്ടോ; ഇവയ്ക്ക് രജിസ്ട്രേഷൻ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദവിവരം നൽകുമോ?

# കേരള നിയമസഭ
# 27.06.2012 -ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരുടെ വിവരം**

4076 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കുമോ;

(ബി) 30-4-2012 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്ര തൊഴിലന്വേഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-5-2012 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വിദേശത്തേയ്ക്ക് റിക്രൂട്ട്മെന്റ്**

4077 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാൻ കഴിയാതെ പോയ യുവജനങ്ങളുടെ രജിസ്ട്രേഷൻ സീനിയോറിറ്റി നിലനിർത്തി പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്വകാര്യ മേഖലയിൽ തൊഴിലാളികളെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഗൾഫ് രാജ്യങ്ങളുൾപ്പെടെ വിദേശ രാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്ന ജോലി കൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### തൊഴിലാളി ക്ഷേമ പെൻഷനുകൾ

4078 ശ്രീ. കെ. ശിവദാസൻ നായർ
,, പാലോട് രവി
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം തൊഴിലാളി ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വർദ്ധിപ്പിച്ച പെൻഷനുകൾ മുൻകൂർ വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ക്ഷേമ പെൻഷനുകൾ ബാങ്കുകൾ വഴി നൽകാൻ നടപടി**

4079 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ക്ഷേമനിധി ബോർഡുകളിലെ പെൻഷനുകളാണ് ബാങ്ക് അക്കൗണ്ടുകൾ വഴി അംഗങ്ങൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ബാങ്ക് വഴി പെൻഷൻ തുക എന്നു മുതൽ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ ബാങ്കുകൾ വഴിയാണ് പെൻഷൻ നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ശ്രീ. എം. റ്റി. ചാക്കോയ്ക്ക് ക്ഷേമനിധി പെൻഷൻ നൽകാൻ നടപടി**

4080 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തല കടക്കരപ്പള്ളി പഞ്ചായത്തിൽ മാടവന വീട്ടിൽ ശ്രീ. എം. റ്റി. ചാക്കോ വ്യാപാരി ക്ഷേമനിധിയിൽ വിഹിതം അടയ്ക്കുകയും നിശ്ചിത പ്രായം കഴിഞ്ഞ് പെൻഷന് അപേക്ഷ നൽകുകയും ചെയ്തുവെങ്കിലും നാളിതുവരെ പെൻഷൻ ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇദ്ദേഹം നൽകിയിരുന്ന അപേക്ഷയിന്മേൽ, കച്ചവടം നിർത്തിയവർക്കും ലൈസൻസ് ഹാജരാക്കുവാൻ കഴിയാത്തവർക്കും പെൻഷൻ നൽകുന്നകാര്യം അടുത്ത ക്ഷേമനിധി യോഗത്തിൽ ബോർഡിന്റെ ശ്രദ്ധയിൽകൊണ്ടുവരുമെന്ന് ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നൽകിയ മറുപടി പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; 9-1-2012 ന് ശേഷം കേരള വ്യാപാരി ക്ഷേമബോർഡ് എന്നാണ് ചേർന്നതെന്ന് പറയാമോ; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ക്ഷേമബോർഡിന്റെ തീരുമാന പ്രകാരം ശ്രീ. എം. റ്റി. ചാക്കോയ്ക്ക് പെൻഷൻ ലഭിക്കാനുള്ള അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

### ന്യൂനപക്ഷ ബ്ളോക്കുകളിൽ ഉറുദു ഐ. ടി. ഐ. കൾ സ്ഥാപിക്കാൻ നടപടി

4081 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ കേന്ദ്രങ്ങളിൽ ഉറുദു ഐ. ടി. ഐ. കൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഐ. ടി. ഐ. കൾ സ്ഥാപിക്കാൻ നിർദ്ദേശിച്ചിട്ടുളള സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി സ്പെഷ്യൽ ഓഫീസർമാരെ നിശ്ചയിച്ചിട്ടുണ്ടോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**അടിസ്ഥാന സൗകര്യങ്ങളില്ലാത്ത തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങൾ**

**4082 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാതെ സംസ്ഥാനത്ത് സ്വകാര്യ സ്ഥാപനങ്ങൾ തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**നിലയ്ക്കാമുക്ക് കേന്ദ്രമായി ഐ.ടി.ഐ. ആരംഭിക്കാൻ നടപടി**

**4083 ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ വക്കം പഞ്ചായത്തിലുൾപ്പെട്ട നിലയ്ക്കാമുക്ക് കേന്ദ്രമായി ഐ.ടി.ഐ. തുടങ്ങുവാൻ ശുപാർശ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ശുപാർശയിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും നിലവിൽ നടപടികൾ ഏതുഘട്ടത്തിലാണെന്നും വിശദീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഐ.ടി.ഐ.കളിൽ നടത്തുന്ന ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സിന്റെ അടിസ്ഥാന യോഗ്യതയും കോഴ്സ് കാലാവധിയും**

4084 **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ നടത്തുന്ന ഹെൽത്ത്സാനിറ്ററി ഇൻസ്പെക്ടർ കോഴ്സിന്റെ അടിസ്ഥാനയോഗ്യതയും കോഴ്സ് കാലാവധിയും വിശദമാക്കാമോ ;

(ബി) സംസ്ഥാനസർക്കാർ സ്ഥാപനങ്ങളിലെ ജെ.എച്ച്.ഐ. തസ്തികയിലേക്ക് പി.എസ്.സി. നടത്തുന്ന പരീക്ഷയ്ക്ക് ആവശ്യമായ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള സാനിറ്ററി ഇൻസ്പെക്ടർ കോഴ്സിന്റെ സിലബസ്സും ഐ.റ്റി.ഐ.യിലെ "ക്രാഫ്റ്റ്മാൻ ഡിപ്ലോമ ഇൻ ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സിന്റെ" സിലബസ്സും തുല്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സർക്കാർ സ്ഥാപനങ്ങളിലും ഇതരമേഖലകളിലും ഹെൽത്ത് ഇൻസ്പെക്ടർമാരെയും സമാന സ്വഭാവമുള്ള തസ്തികകളിലുള്ളവരെയും എടുക്കുമ്പോൾ അടിസ്ഥാന യോഗ്യതയായി 'ഐ.റ്റി.ഐ.കളിലെ സാനിറ്ററി ഇൻസ്പെക്ടർ' കോഴ്സും പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>വ്യാവസായിക പരിശീലന വകുപ്പിൽ കോടതി ഉത്തരവ് നടപ്പാക്കുന്നത്</u>**

4085 **ശ്രീ. എ. റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വ്യാവസായിക പരിശീലന വകുപ്പിൽ 15.01.2010-ലെ 89/2010/തൊഴിൽ. നമ്പർ സർക്കാർ ഉത്തരവിലും ഡബ്ലിയു.പി.(സി) നം. 7765 ഓഫ് 2011 (യു) എന്ന ഹൈക്കോടതി വിധിയിലും ഡിപ്പാർട്ടുമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കോടതി ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വിശദീകരിക്കുമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**തൊഴിലാളികളുടെ മിനിമം കൂലി പുതുക്കുന്നതിന് നടപടി**

4086 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ മേഖലകളിലെയും തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) തൊഴിലാളികൾക്ക് മിനിമം കൂലി പുതുക്കി നിശ്ചയിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കാമോ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ധനുവച്ചപുരം ഐ. ടി. ഐ.യിൽ ട്രേഡുകൾക്ക് എൻ. സി. വി. റ്റി. അഫിലിയേഷൻ ലഭിക്കാൻ നടപടി**

**4087 ശ്രീ. എ. റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ധനുവച്ചപുരം ഐ. ടി. ഐ.യിൽ സി. ഒ. ഇ. ഉൾപ്പെടെ എത്ര ട്രെയിഡുകൾക്ക് എൻ. സി. വി. റ്റി. അഫിലിയേഷൻ ലഭിച്ചിട്ടില്ലായെന്നും എൻ. സി. വി. റ്റി. അഫിലിയേഷൻ ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) സർക്കാർ ഐ. ടി. ഐ.കളിൽ എത്ര ലക്ഷം രൂപയുടെ മെഷീനുകൾ പ്രവർത്തനരഹിതമായി അവശേഷിക്കുന്നുണ്ടെന്നും പ്രസ്തുത മെഷീനുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നതിന്റെയും വിശദാംശം വെളിപ്പെടുത്തുമോ;

(സി) മുൻ ബഡ്ജറ്റിൽ പർച്ചേസ് ഉൾപ്പെടെ വ്യവസായിക പരിശീലന വകുപ്പിന് അനുവദിച്ച തുകയിൽ എത്ര ലക്ഷം രൂപ ലാപ്സായിട്ടുണ്ട് എന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**ഇ.എസ്.ഐ. ആനുകൂല്യങ്ങൾ**

**4088**

ശ്രീ. വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, വി. ഡി. സതീശൻ
,, എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഐ. ടി. മേഖല നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ**

4089 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, കെ. രാജു
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഐ. ടി. മേഖല നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കൊല്ലം ജില്ലയിലെ സ്കിൽ ഡവലപ്പ്മെന്റ് സെന്റർ**

4090 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ സ്കിൽ ഡവലപ്മെന്റ് സെന്റർ പ്രവർത്തനം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ അംഗങ്ങൾ ആരെല്ലാമാണെന്നും സെന്ററിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**വീഡിയോഗ്രാഫി - ഫോട്ടോഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്നവരുടെ തൊഴിൽ സംരക്ഷണം**

4091 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരളത്തിലെ വീഡിയോ-ഫോട്ടോഗ്രാഫി മേഖല നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ക്ഷേമനിധി രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;**

(ബി) **സർക്കാരിന്റെ ആധികാരിക തിരിച്ചറിയൽ രേഖകൾ നൽകുന്നതിൽ പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;**

(സി) **ഓൺലൈൻ അപേക്ഷകളിൽ കൃത്യമായ മാനദണ്ഡങ്ങളോടുകൂടിയ മികച്ച ചിത്രങ്ങൾ അപേക്ഷകന് അപ്ലോഡ് ചെയ്യുന്നതിനുള്ള അവസരം പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ ?**

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**അന്യസംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡും ക്ലിയറൻസ് സർട്ടിഫിക്കറ്റും**

**4092 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ തിരിച്ചറിയൽ കാർഡോ, ക്ലിയറൻസ് സർട്ടിഫിക്കറ്റോ, മറ്റ് ആധികാരികരേഖകളോ ഇല്ലാതെ സംസ്ഥാനത്തിന്റെ പല ഭാഗത്തും താമസിക്കുന്നതായുള്ളവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരെ നിരീക്ഷിക്കാനും തിരിച്ചറിയാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**അന്യസംസ്ഥാന തൊഴിലാളികൾക്ക്**
**പ്രത്യേക തിരിച്ചറിയൽ കാർഡ്**

**4093**

**ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അന്യസംസ്ഥാന തൊഴിലാളികളുടെ ബാഹുല്യംമൂലം സംജാതമാകുന്ന സാമൂഹ്യ സുരക്ഷാ, പൊതുജനാരോഗ്യ പ്രശ്നങ്ങൾ എന്നിവ ഫലപ്രദമായി നേരിടുന്നതിനായി സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;**

(ബി) **പ്രസ്തുത തൊഴിലാളികളെ കേന്ദ്രീകരിച്ച് സർവ്വേ നടത്തുന്നതിനും പ്രത്യേക തിരിച്ചറിയൽ സംവിധാനമുണ്ടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;**

(സി) **പുതുതായി മൈഗ്രേറ്റ് ചെയ്തുവരുന്നവർക്ക് തിരിച്ചറിയൽ കാർഡിന്റെ അടിസ്ഥാനത്തിൽ ലേബേഴ്സ് കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കേരളത്തിൽ ജോലി ചെയ്യുന്ന മറുനാടൻ തൊഴിലാളികളുടെ വിവരങ്ങൾ**

**4094 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജോലി ചെയ്യുന്ന മറുനാടൻ തൊഴിലാളികളിൽ പ്രതിമാസം ശരാശരി എത്രപേർ അപകടങ്ങളിൽപ്പെട്ട് മരണമടയുന്നു എന്ന് വ്യക്തമാക്കുമോ; ഇപ്രകാരം ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഈ സർക്കാർ അധികാരമേറ്റശേഷം ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് മരണമടഞ്ഞ എത്ര തൊഴിലാളി കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയെന്നും ആകെ എത്ര തുക നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) അന്യസംസ്ഥാന തൊഴിലാളികളെ നമ്മുടെ നാട്ടിൽ തൊഴിലെടുപ്പിക്കാൻ കൊണ്ടുവരുമ്പോൾ സംസ്ഥാന തൊഴിൽ നിയമങ്ങൾ പൂർണ്ണമായും തൊഴിലുടമകളും കോൺട്രാക്ടർമാരും പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ടോ; പ്രസ്തുത നിയമം ലംഘിച്ച ഏതെങ്കിലും തൊഴിലുടമയ്ക്കും കോൺട്രാക്ടർക്കും എതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തടയാൻ നടപടി**

4095 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അന്യസംസ്ഥാന തൊഴിലാളികളുടെ വർദ്ധനവുമൂലം സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ചൂഷണങ്ങൾ വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **അന്യസംസ്ഥാന തൊഴിലാളികളെ നിയോഗിക്കുന്ന തൊഴിലുടമകൾ ഇക്കാര്യം ലേബർ ഓഫീസുകളെ അറിയിക്കുവാനുള്ള നിബന്ധന ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?**

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും വേതനവിതരണവും</u>**

**4096 ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി പുതിയതായി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ വേതനം ബാങ്കുകൾ വഴി മാത്രം വിതരണം ചെയ്യാവുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തി മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണ് ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് ന്യായമായ വേതനം ലഭ്യമാക്കുവാൻ നടപടി**

4097 **ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് ന്യായമായ വേതനം ലഭ്യമാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം സംസ്ഥാനത്തെ ഭൂരിഭാഗം സ്വകാര്യ ആശുപത്രി ജീവനക്കാർക്ക് നൽകാത്ത അവസ്ഥയും തുടർന്നുള്ള സമരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**തെങ്ങുകയറ്റത്തൊഴിലാളികൾക്ക് നൽകി വരുന്ന അപകട ധനസഹായം**

**4098 ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമരണം സംഭവിച്ചാൽ ആശ്രിതർക്ക് ധനസഹായമായി നൽകി വരുന്ന 50000/- രൂപ അപര്യാപ്തമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**<u>ഒ. ഡി. ഇ. പി.സി മുഖേന വിദേശ റിക്രൂട്ട്മെന്റ്</u>**

4099 **ശ്രീ. ജോസ് തെറ്റയിൽ**
**,, സി. കെ. നാണു**
**,, മാത്യു. റ്റി. തോമസ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒ. ഡി. ഇ. പി.സി ഏതെല്ലാം രാജ്യങ്ങളിലേയ്ക്കാണ് റിക്രൂട്ട്മെന്റ് നടത്തുന്നത് എന്ന് വ്യക്തമാക്കുമോ;**

(ബി) **കഴിഞ്ഞ വർഷം ഇതു മുഖേന എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്;**

(സി) **കൂടുതൽ രാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ നടപടി**

4100 **ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം 12900/- രൂപ ആക്കി നിശ്ചയിക്കണമെന്ന ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ന് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ സ്വകാര്യ ആശുപത്രികളിലും ഈ നിയമം നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**സ്വകാര്യ ആശുപത്രി ജീവനക്കാരുടെ വേതന പരിഷ്ക്കരണം**

4101 **ശ്രീ. മുല്ലക്കര രത്നാകരൻ**
**'' പി. തിലോത്തമൻ**
**'' കെ. രാജു**
**'' ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രി ജീവനക്കാരുടെ വേതനം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്നവർക്ക് നിലവിൽ മിനിമം വേതനം ലഭിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഈ മേഖലയിൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോൾ ആരോഗ്യവകുപ്പിന് സമർപ്പിച്ചിട്ടുള്ള ബലരാമൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ ഒരു മാനദണ്ഡമായി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**നഴ്സുമാർക്ക് നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാത്തതിനെതിരെ നടപടി**

**4102** **ശ്രീമതി ഇ.എസ്. ബിജിമോൾ**

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

2009-ൽ സർക്കാർ പ്രഖ്യാപിച്ച നഴ്സുമാർക്കുള്ള മിനിമം വേതനം, 8 മണിക്കൂർ ജോലി സമയം, പ്രസവ അവധി തുടങ്ങി നിയമപ്രകാരമുള്ള അവകാശങ്ങൾ നടപ്പാക്കാത്ത എത്ര സ്വകാര്യ ആശുപത്രികൾ കേരളത്തിലുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

4103 **ശ്രീമതി. പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിത്സാ ബില്ലുകൾ ആശുപത്രികളിലെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആഫീസിൽ നൽകിയാൽ തുക താമസംവിനാ മാറി നൽകാൻ സംവിധാനമുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം രോഗികൾക്ക് അനുവദിച്ച യാത്രാപ്പടി എത്രയാണ്: ആയത് രോഗികൾക്ക് ലഭ്യമാക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി അംഗങ്ങൾ</u>

4104 ശ്രീ. റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികളുടെ കണക്ക് ലഭ്യമാക്കുമോ;

(സി) അംഗമാകാത്ത തൊഴിലാളികളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട്?

# കേരള നിയമസഭ

## 27.06.2012 -ലെ മറുപടിക്ക്

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ അംഗത്വം**

4105 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമനിധികളിലെ അംഗത്വത്തിന്റെ അടിസ്ഥാനത്തിലും അല്ലാതെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നവരുടെ കണക്കുകൾ വ്യക്തമാക്കുമോ;

(ബി) എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ പുതുതായി ചേരുവാൻ അനുവാദം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**സ്മാർട്ട് കാർഡ് പുതുക്കുന്നതിന് നടപടി**

T 4106

**ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിലുള്ള സ്മാർട്ട് കാർഡ്, പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവോയെന്ന് വ്യക്തമാക്കുമോ;

(ബി) സ്മാർട്ട്കാർഡ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ പ്രചരണം അതാത് പ്രദേശത്ത് നടത്തുന്നുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം രീതിയിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയെ സംബന്ധിച്ച കൈപുസ്തകവും സ്മാർട്ട്കാർഡ് സൂക്ഷിക്കാനുള്ള കവറും ഗുണഭോക്താക്കൾക്ക് നൽകുന്നില്ലായെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ?

**കേരള നിയമസഭ**
**27.06.2012 -ലെ മറുപടിക്ക്**

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കാർഡ് പുതുക്കുന്നത് സംബന്ധിച്ച്**

**4107 ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കാർഡ് പുതുക്കലിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത് എന്നറിയിക്കാമോ;

(ബി) കാർഡ് പുതുക്കുവാൻ ഗുണഭോക്താവിൽ നിന്ന് എത്ര തുകയാണ് ഈടാക്കുന്നത്; ഇതിൽ അക്ഷയകാർഡ് പുതുക്കുന്ന സ്ഥാപനം എന്നിവർക്ക് എത്ര രൂപ വീതമാണ് നൽകുന്നത് എന്നറിയിക്കാമോ;

(സി) കാർഡ് പുതുക്കലിന് സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതും വിഹിതം തീരുമാനിച്ചതും ഏത് മാനദണ്ഡപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ഏതെങ്കിലും ഘട്ടത്തിൽ കാർഡ് പുതുക്കലിൽ പങ്കാളികളായിരുന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ എന്തുകൊണ്ടാണ് കെൽട്രോൺ ഒഴിവായത് എന്നറിയിക്കാമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ രണ്ട് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി**

4108 **ശ്രീ. ബി.ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) രണ്ട് ഡോക്ടർമാരുടെ സേവനം ലഭ്യമായിരുന്ന കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ഒരു ഡോക്ടറുടെ സേവനം മാത്രമായി കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ 2000-ൽ അധികം തൊഴിലാളികളുടെ ആശ്രയ കേന്ദ്രമായ കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ 2 ഡോക്ടർമാരുടെയും സേവനം തുടർന്നും ലഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**ഇ.എസ്.ഐ പദ്ധതിയിൽ കെ.എസ്.എഫ്.ഇ, മഹിളാ പ്രധാൻ ഏജന്റുമാരെ ചേർക്കുന്നത്**

**4109 ശ്രീ. വി. ശിവൻകുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ ഏജന്റുമാർ, മഹിളാ പ്രധാൻ ഏജന്റുമാർ എന്നിവരെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്ന് ആയത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

**അരൂരിലെ ഇ.എസ്.ഐ ആശുപത്രികൾ**

4110 **ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യത്തിന്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര ഇ.എസ്.ഐ. ആശുപത്രികളാണുള്ളതെന്നും ഇ.എസ്.ഐ. ആശുപത്രികൾക്കായി സ്ഥലം വാങ്ങി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.06.2012 -ലെ മറുപടിക്ക്

<u>ഏ.എൽ.ഒ കളുടെ പ്രവർത്തനം</u>

4111 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അസിസ്റ്റന്റ് ലേബർ ഓഫീസുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഓരോ ഏ.എൽ.ഒ കളിലെയും സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ;

(സി) ജോലിഭാരം മൂലം ബുദ്ധിമുട്ടുന്ന എൽ.എൽ.ഒ കളിൽ ക്ലറിക്കൽ തസ്തികകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് ഏ.എൽ.ഒ കളുടെ എണ്ണം വർധിപ്പിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?